**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2511 — 05.02.2018 -ൽ മറുപടിക്ക്

## തീർത്ഥാടന ടൂറിസം

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. എം.കെ. മുനീർ<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ. ടി.വി. ഇബ്രാഹിം | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) തീർത്ഥാടന ടൂറിസം വ്യാപകമാക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ; | എ) തീർത്ഥാടന ടൂറിസം വ്യാപകമാക്കുന്നത് സംബന്ധിച്ച് നിലവിൽ സംസ്ഥാന സർക്കാർ പ്രത്യേക പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. എന്നാൽ കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ സ്കീമുകളായ 'സ്വദേശ് ദർശൻ' 'പ്രസാദ്' സ്കീമുകളിൽ ഉൾപ്പെടുത്തി സംസ്ഥാന സർക്കാരിന് ലഭിച്ച പദ്ധതികൾ പുരോഗമിച്ച് വരികയാണ്. നിലവിൽ തീർത്ഥാടന ടൂറിസം ലക്ഷ്യമാക്കി ശ്രീനാരായണഗുരു പിൽഗ്രിം സർക്യൂട്ടിനായി 302 കോടി രൂപയുടെയും, കാലടി മലയാറ്റൂർ പിൽഗ്രിം സർക്യൂട്ടിനായി 5,92,17,160/- രൂപയുടെയും കൺസപ്റ്റ് നോട്ട് കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ഏറെ പ്രശസ്തമായ ആരാധനാലയങ്ങളായ ചെട്ടിക്കുളങ്ങര, ഓച്ചിറ, ഹരിപ്പാട്, മണ്ണാറശാല, മാവേലിക്കര അടക്കമുള്ളവ ഉൾപ്പെടുത്തി ഒരു പിൽഗ്രിം ടൂറിസം സർക്യൂട്ടിനും കോട്ടയം-എറണാകുളം-തൃശ്ശൂർ ജില്ലകളിലെ വ്യത്യസ്തങ്ങളായ ആരാധനാലയങ്ങളെ (മുസ്ലിം-ക്രിസ്ത്യൻ) ബന്ധിപ്പിച്ച് ഒരു പിൽഗ്രിം ടൂറിസം സർക്യൂട്ടിനും ഉള്ള പ്രൊപ്പോസലും കേന്ദ്രസർക്കാരിന് സമർപ്പിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നു വരുന്നു. |

| | | | |
|---|---|---|---|
| ബി) | പ്രസ്തുത പദ്ധതി കൾക്കായി കേന്ദ്ര സർക്കാരിൽ നിന്നും സഹായം ലഭിച്ചിട്ടുണ്ടോ; | ബി) | കേന്ദ്ര ടൂറിസം മന്ത്രാലയം ആവിഷ്കരിച്ച് വരുന്ന സ്വദേശ് ദർശൻ സ്കീമിന്റെ ഭാഗമായ സ്പിരിച്വൽ ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി ശബരിമല (എരുമേലി-പമ്പ-സന്നിധാനം) വികസനത്തിനായി 9998.92 ലക്ഷം രൂപയും ശ്രീപത്മനാഭ-ആറന്മുള-ശബരിമല വികസനത്തിനായി 9244.26 ലക്ഷം രൂപയുടെയും അനുമതി ലഭിച്ചിട്ടുണ്ട്. കൂടാതെ ' പ്രസാദ് ' സ്കീമിൽ ഉൾപ്പെടുത്തി ഗുരുവായൂർ ക്ഷേത്ര വികസന ത്തിനായി 4614.20 ലക്ഷം രൂപയുടെയും അനുമതി ലഭിച്ചിട്ടുണ്ട്. |
| സി) | മുസ്ലിം-ക്രിസ്ത്യൻ-ഹിന്ദു തീർത്ഥാടന കേന്ദ്ര ങ്ങളെ ബന്ധിപ്പിക്കുന്ന ടൂറിസം പദ്ധതികൾ ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | സി) | നിലവിൽ പരിഗണനയിലില്ല. എന്നാൽ കോട്ടയം-എറണാകുളം-തൃശ്ശൂർ ജില്ലകളിലെ മുസ്ലിം-ക്രിസ്ത്യൻ ആരാധനാലയങ്ങളെ ബന്ധിപ്പിച്ച് ഒരു പിൽഗ്രിം ടൂറിസം സർക്യൂട്ടിനുള്ള പ്രൊപ്പോസൽ കേന്ദ്ര ടൂറിസം മന്ത്രാലയത്തിന് സമർപ്പിക്കുന്ന തിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ